"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: WP1-18271/2022/PrHQ ; തീയതി : 27-07-2022

സാമൂഹ്യ നീതി വകുപ്പിന്റെ പ്രൊബേഷൻ സേവനവുമായി ബന്ധപ്പെട്ട് വ്യക്തി ഗത പദ്ധതികൾക്കുള്ള അപേക്ഷകൾ സുനീതി പോർട്ടൽ മുഖേന ലഭ്യമാക്കുന്നതു സംബന്ധിച്ച സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ കത്തിന്റെ പകർപ്പ് തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് അയക്കുന്നു.

വിനോദ് കുമാർ എം കെ
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസിനു വേണ്ടി

സ്വീകർത്താവ് : **എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും**

പകർപ്പ് : ജയിൽ ഡി.ഐ.ജി
ദക്ഷിണ മേഖല/മദ്ധ്യമേഖല/ ഉത്തര മേഖല

ജയിൽ വെബ്സൈറ്റ്

File No.SJD/508/2022-C1

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :20/07/2022
Email –swdkerala@gmail.com
Phone – 0471 – 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്
തിരുവനന്തപുരം

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – പ്രൊബേഷൻ സേവനം – വ്യക്തിഗത പദ്ധതികൾക്കുള്ള അപേക്ഷകൾ സുനീതി പോർട്ടൽ മുഖേന ലഭ്യമാക്കുന്നത് – സംബന്ധിച്ച്.

സൂചന :- ------------------------

സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്ന എല്ലാ വ്യക്തിഗത ആനുകൂല്യ പദ്ധതികളുടെയും അപേക്ഷകൾ 2022-2023 വർഷം മുതൽ ഓൺലൈൻ സംവിധാനമായ 'സുനീതി പോർട്ടൽ' മുഖേന ലഭ്യമാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ആയതിന്റെ ഭാഗമായി പ്രൊബേഷൻ സേവനങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നതും, ജയിലുകൾ വഴി അപേക്ഷകൾ ലഭ്യമാക്കുന്നതുമായ ചുവടെപ്പറയുന്ന വ്യക്തിഗത ആനുകൂല്യ പദ്ധതികളുടെയും അപേക്ഷകളും ഇനി മുതൽ ഓൺലൈൻപോർട്ടൽ വഴി മാത്രമായിരിക്കും സ്വീകരിക്കുന്നത്..

1. തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി
2. തടവുകാരുടെ മക്കൾക്കുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി.

www.suneethi.sjd.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന one time registration ചെയ്തതിനു ശേഷം online -ൽ അപേക്ഷകൾ സമർപ്പിക്കാൻ കഴിയും. ജയിൽ ശിക്ഷ അനുഭവിച്ചുവരുന്ന വ്യക്തിയുടെ കുട്ടിക്ക് വേണ്ടി രക്ഷിതാവിനു അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷയോടൊപ്പം ജയിൽ സൂപ്രണ്ടിന്റെ സാക്ഷ്യപത്രം (നിശ്ചിത മാതൃകയിൽ തയ്യാറാക്കിയത്) അപ്‌ലോഡ് ചെയ്യേണ്ടതുള്ളതിനാൽ ആയതുകൂടി തടവുകാരുടെ ആശ്രിതർ ആവശ്യപ്പെടുന്ന പക്ഷം അവർക്ക് അനുവദിച്ചു നല്കാൻ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. സുനീതി ഓൺലൈൻ പോർട്ടലിൽ ലഭ്യമാകുന്ന അപേക്ഷകൾ ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാർ പരിശോധിച്ചു അർഹരായ വ്യക്തികൾക്ക് ആനുകൂല്യം അനുവദിക്കുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതു സംബന്ധിച്ച് അവ്യക്തതയുള്ള പക്ഷം അതാത് ജില്ലാ പ്രൊബേഷൻ ഓഫീസർമാരെ ബന്ധപ്പെടാവുന്നതാണ്.

നടപ്പ് സാമ്പത്തിക വർഷംമുതൽ സുനീതി പോർട്ടൽ മുഖേന മാത്രമേ മേൽ പദ്ധതികൾക്കായി അപേക്ഷ നൽകുവാൻ സാധിക്കൂ എന്ന വിവരം ഗുണഭോക്താക്കളായ തടവുകാരെ അറിയിക്കുവാനും , ഈ വർഷം നേരിട്ട് അപേക്ഷകൾ ജയിലുകളിൽ ലഭിച്ചെങ്കിൽ ആയത് ബന്ധപ്പെട്ട അപേക്ഷകർക്ക് / അപേക്ഷകരുടെ ആശ്രിതർക്ക് തിരികെ നൽകി, ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

File No.SJD/508/2022-C1

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി

*PREETHY WILSON*
*Assistant Director*
*Directorate of Social Justice*
*Vikas Bhavan, Thiruvananthapuram-33*

പകർപ്പ്,
എല്ലാ ജീവനക്കാർക്കും